# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3181

19.06.2019 - ൽ
മറുപടിയ്ക്ക്

## ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റി

ചോദ്യം
ശ്രീ.എം.ഉമ്മർ

മറുപടി
ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയുടെ വികസനത്തിനായി നവമാധ്യമങ്ങളുടെ സേവനം വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ SFAC (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം)യുടെ കീഴിൽ നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽ പേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാർഷിക വിവര സങ്കേതം പദ്ധതി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ, പോർട്ടൽ / മൊബൈൽ ആപ്ലിക്കേഷൻ / ഫേസ്ബുക്ക് ഗ്രൂപ്പ് / ഫേസ് ബുക്ക് ലൈവ് / വാട്ട്സ് ആപ്പ് ഗ്രൂപ്പ് / എസ്.എം.എസ്. ഗ്രൂപ്പ് / യൂട്യൂബ് ചാനൽ തുടങ്ങിയ മാധ്യമങ്ങൾ വഴി കൃഷിയിലേയ്ക്കും അനുബന്ധ തൊഴിൽ മേഖലകളിലേയ്ക്കും കൂടുതൽ കർഷകരെ ആകർഷിച്ചു വരുന്നു.<br>വിവര വിനിമയ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ഒരുക്കുന്ന ഏക ജാലക സംവിധാനമാണ് **"കാർഷിക വിവര സങ്കേതം – ഒരു വിരൽത്തുമ്പിൽ"** എന്ന പോർട്ടൽ. ഇതിലൂടെ ലോകത്തിലെമ്പാടും നടപ്പിലാക്കി വരുന്ന നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും ഉത്തമ കൃഷി മുറകളെക്കുറിച്ചും (GAP) കർഷകർക്കും പൊതുജനങ്ങൾക്കും വിവരം നൽകുന്നു. കൃഷി ഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി വികസിപ്പിച്ച **'കാർഷിക കേരളം'**. കാർഷികോൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും മികച്ച വില ഉറപ്പാക്കാനും കർഷകരെ സഹായിക്കുന്ന **'ഇ-വിപണി'** എന്നീ മൂന്ന് മൊബൈൽ ആപ്ലിക്കേഷനുകളും വികസിപ്പിച്ചിട്ടുണ്ട്.<br>കൂടാതെ കൃഷി വകുപ്പ് മന്ത്രി കർഷകരുമായി നേരിട്ടു സംവദിക്കുന്ന **'കൃഷി മന്ത്രി വിളിപ്പുറത്ത്'** എന്ന പരിപാടി, **'കാർഷിക വിവര സങ്കേതം'** എന്ന ഫേസ്ബുക്ക് ഗ്രൂപ്പ്. ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂൾ-കർഷകർക്കുള്ള തത്സമയ പരിശീലന പരിപാടി **'ഫേസ്ബുക്ക് ലൈവ്'**, **'കാർഷിക വിവര സങ്കേതം'** എന്ന വാട്ട്സ്ആപ്പ് ഗ്രൂപ്പ് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. |

കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള **mkisan.gov.in** എന്ന എസ്.എം.എസ്. പ്ലാറ്റ്ഫോമിലൂടെ സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലത്തിലുള്ള കൃഷി ഉദ്യോഗസ്ഥർ കർഷകർക്ക് എസ്.എം.എസ്. മുഖേന നവീന കൃഷി രീതികളെക്കുറിച്ചും കൃഷി വകുപ്പിന്റെ വിവിധ സ്കീമുകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനായ **FEM@Mobile** വെബ്സൈറ്റായ www.farmextensionmanager.com എന്നിവ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർത്ഥികൾ, പുരോഗമനോന്മുഖരായ കർഷകർ എന്നിവർക്ക് വളരെ പ്രയോജനപ്രദമാണ്.

**ബി)** ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിയിലേക്ക് കൂടുതൽ പേരെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലൂടെ കാർഷിക മേഖലയെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**ബി)** ഉണ്ട്. കാർഷിക വിവര സങ്കേതത്തിന്റെ കീഴിൽ ഫെയ്സ്ബുക്ക്, വാട്ട്സ്ആപ്പ്, മൊബൈൽ ആപ്പ് എന്നിവയിൽ പങ്കാളികളാകുന്ന കർഷകർ ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിയുടെ ഭാഗമാണ്. ഈ കമ്മ്യൂണിറ്റിയുടെ സേവനങ്ങൾക്കായി ഡിജിറ്റൽ സേന രൂപീകരിച്ചിട്ടുണ്ട്. 25 പേരടങ്ങുന്ന ഉദ്യോഗസ്ഥരെ വിവര വിനിമയ സാങ്കേതിക വിദ്യ, സമൂഹ മാധ്യമങ്ങൾ വഴി വിജ്ഞാന വ്യാപനം എന്നിവയിൽ അടിസ്ഥാന പരിശീലനം നൽകി രൂപീകരിച്ചതാണ് **'ഡിജിറ്റൽ സേന'**. പുതിയ കർഷകരേയും യുവജനങ്ങളേയും കൃഷിയിലേയ്ക്കാകർഷിക്കുവാൻ ഇതിലൂടെ സാധിക്കുന്നുണ്ട്.

**സി)** എങ്കിൽ പ്രസ്തുത ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റി രൂപീകരിച്ച ശേഷം കാർഷികമേഖലയിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

**സി)** 'കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ **'കാർഷിക കാൾസെന്റർ 1800-425-1661 സേവനങ്ങൾ'** മൂലം കൂടുതൽ കർഷകർക്ക് ആധുനിക കാർഷിക വിവരങ്ങൾ ലഭിക്കുന്നു. അവരുടെ സംശയങ്ങൾക്ക് കോൾ സെന്റർ, വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷനുകൾ. എസ്.എം.എസ്. എന്നിവ മൂലം മറുപടി ലഭിക്കുന്നു. കൃഷി മന്ത്രിയുമായി നേരിട്ട് സംവദിക്കുവാനും കർഷകരുടെ അഭിപ്രായങ്ങൾ, ഫീഡ് ബാക്കുകൾ എന്നിവ നൽകുവാനും കൃഷി വകുപ്പിന്റേയും, അനുബന്ധ സ്ഥാപനങ്ങളുടേയും സേവനങ്ങൾ കർഷകരിലേയ്ക്ക് പരമാവധി എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങളും, സംശയങ്ങളും സമയബന്ധിതമായിപരിഹരിക്കുന്നതിനും സർക്കാർ

ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനാ "കൃഷിമന്ത്രിവിളിപ്പുറത്ത്" എന്ന പരിപാടി പ്രയോജന പ്പെടുന്നു. ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂൾ ശീതകാല പച്ചക്കറികളെക്കുറിച്ച് നടത്തിയ ഫീൽഡ് സ്കൂൾ 48,337 ഉപഭോക്താക്കളിലെത്തിച്ചു. ഇതിൽ പലരും സ്വന്തം നിലയിൽ ശീതകാല പച്ചക്കറികൾ കൃഷി ചെയ്തുവരുന്നു. കാർഷിക പദ്ധതികൾ, ആധുനിക കൃഷിരീതികൾ എന്നിവ ചെറിയ വീഡിയോകളായി കാർഷിക വിവര സങ്കേതം, വാട്ട്സ്ആപ്പ് ഗ്രൂപ്പ്, ഫേസ്ബുക്ക് പേജ് എന്നിവകളിലൂടെ കർഷകർക്ക് നൽകുന്നു. ഇതു കൂടാതെ കിസ്സാൻ കൃഷിദീപം, നൂറു മേനി എന്നീ പ്രോഗ്രാമുകൾ യൂട്യൂബ് ചാനലുകളിലൂടെ ഇരുപത്തിനാല് മണിക്കൂറും കർഷകർക്ക് ലഭ്യമാകുന്ന രീതിയിൽ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ